# മന്ത്രിസഭാ തീരുമാനങ്ങൾ

## (20.01.2010)

- പാലക്കാട് കോച്ച് ഫാക്ടറിക്ക് അനുയോജ്യമെന്ന് റെയിൽവേ കണ്ടെത്തിയ സർക്കാരിന്റെ കൈവശമുള്ള 235.55 ഏക്കർ സ്ഥലം റെയിൽവേക്ക് കൈമാറാൻ തീരുമാനിച്ചു. 99 ഏക്കർ സ്വകാര്യ ഭൂമി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഏറ്റെടുക്കുന്നതിന് വിജ്ഞാപനവും ഉത്തരവും പുറപ്പെടുവിക്കുവാനും 93 ഏക്കർ ഭൂമി നിക്ഷിപ്ത വനഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു. ഭൂമി ഉടനെ കൈമാറും. നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ മതിയായതുൾപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

- കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും 101 അധിക തസ്തികകൾ സൃഷ്ടിക്കുവാനും തീരുമാനിച്ചു.

- കൊച്ചിയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് 121 കോടി രൂപ ചെലവിൽ വൈറ്റിലയിൽ ഒരു ആധുനിക ബസ് ടെർമിനൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി മുഖ്യമന്ത്രി ചെയർമാനായി കേരള സർക്കാരിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സൊസൈറ്റിയും സൊസൈറ്റിയുടെ ദൈനംദിന നടത്തിപ്പ് കാര്യങ്ങൾക്കായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

- അലീഗഡ് സർവകലാശാലയുടെ ഓഫ് കാമ്പസ്സിനായി മലപ്പുറം ജില്ലയിൽ ഏലംകുളം, ആനമങ്ങാട്, പാതായിക്കര എന്നീ വില്ലേജുകളിൽപ്പെട്ട നാനൂറ് ഏക്കറോളം ഭൂമി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുക്കുന്നതിന് ഉന്നതാധികാര സമിതി നിശ്ചയിച്ച വിലയ്ക്ക് അംഗീകാരം നൽകി.

- തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ ബസ് ടെർമിനൽ കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിന് 35 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ തീരുമാനിച്ചു.

- തീരദേശ പൊലീസ് സ്റ്റേഷനുകളിലേക്ക് ആവശ്യമായ സുരക്ഷാ ബോട്ടുകളിൽ 99 തസ്തികകൾ അനുവദിക്കുവാൻ തീരുമാനിച്ചു.

******